

## യേശുക്രിസ്തു

1. ലോകത്തിലേക്കു വന്നു -1തിമൊ 1:15, മത്തായി 17:10
2. ജഡത്തിൽ ജനിച്ചു- യോഹന്നാൻ 1:14, യോഹന്നാൻ 4:1-3
3. സ്ത്രീയിൽ നിന്ന് ജനിച്ചു- ഗലാത്യർ 4:4, യെശയ്യാവ് 7:14
4. മനുഷ്യപുത്രനായി തീർന്നു-ഫിലിപ്പിയർ 2:5-8; ലൂക്കൊസ് 19:10
5. ദരിദ്രനാകുവാൻ ധനം ഉപേക്ഷിച്ചു- 2കൊരിന്ത്യർ6:9; ലൂക്കൊസ് 9:38
6. മനുഷ്യരാൽ ത്യജിക്കപ്പെട്ടു- യോഹന്നാൻ 1:11,12; യെശയ്യാവ് 57:3
7. ദു:ഖമനുഷ്യനായി തീർന്നു- യെശയ്യാവ് 52:3; മത്തായി 23:37
8. മനുഷ്യരാൽ മരണത്തിനു ഏല്പിച്ചുകൊടുത്തു-ലൂക്കൊസ് 24:46 മത്തായി 16:21
9. ഭൂമിയിൽ ശപിക്കപ്പെട്ടവനായിതീർന്നു- ഗലാത്യർ 3:13
10. നമുക്കു വേണ്ടി പാപമായിതീർന്നു - 2കൊരിന്ത്യർ 5:21

## നമുക്ക്

1. സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ- യോഹന്നാൻ 14:1-3, 2കൊരിന്ത്യർ6:1
2. ആത്മാവിൽ ജനിക്കേണ്ടതിന്നു- യോഹന്നാൻ 3:5 1 പത്രൊസ് 1:23
3. ദൈവത്താൽ ജനിക്കേണ്ടതിനു യോഹന്നാൻ 1:11-13, യോഹന്നാൻ 5:4
4. ദൈവമക്കൾ ആകേണ്ടതിന്നു- 1യോഹന്നാൻ 3:1-3; ഗലാത്യർ 4:6
5. ധനികരാകുവാൻ ദാരിദ്ര്യം ഉപേക്ഷിച്ചു-2കൊരിന്ത്യർ 8:9; എഫെസ്യർ 2:7
6. ദൈവത്താൽ സ്വീകരിക്കപ്പെട്ടു- എഫെസ്യർ 1:6 പ്രവൃത്തി 10:34
7. തേജസിന്റെ മക്കൾ ആയി തീർന്നു- ഫിലിപ്പിയർ 4:4; 1പത്രൊസ് 4:13
8. ദൈവത്താൽ ജീവനുള്ളവരായിതീർന്നു. കൊലൊസ്യർ 2:13;എഫെസ്യർ2:1
9. സ്വർഗ്ഗത്തിൽ അനുഗ്രഹിക്കപ്പെട്ടവനാകുവാൻ-ഗലാത്യർ 3:14
10. ദൈവത്താൽ നീതീകരിക്കപ്പെടുവാൻ-2കൊരിന്ത്യർ 5: 21

# THE BIBLE TRUTH

Editors

**P. K. VARGHESE** **J. C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 14 September 2000 No. 6**

## എഡിറ്റോറിയൽ

ഒന്നു കഴിയുന്നതിനു മുൻപ് മറ്റൊന്നു എന്ന നിലയിൽ മനുഷ്യനെ ചിന്തിപ്പിക്കുന്ന സംഭവങ്ങളാണ് എല്ലാ രാജ്യങ്ങളിലും നടന്നുകൊണ്ടിരിക്കുന്നതു. അനീതി സ്വാർത്ഥ ലാഭത്തിനു ഉപയോഗിക്കുന്നവർ അതിനുള്ള ശിക്ഷ അനുഭവിക്കണം. അതിനെ പ്രോത്സാഹിപ്പിക്കുന്നവരും അതുവെച്ചു മുതലെടുപ്പു നടത്തുന്നവരും ധാരാളമുണ്ട്. ക്ഷ്യബോധം നഷ്ടപ്പെട്ട സംഘടനകൾ കള്ളന്മാരെയും കൊള്ളക്കാരെയും കള്ളക്കടത്തുകാരെയും കരുവാക്കി തങ്ങളുടെ കാര്യസാദ്ധ്യത്തിനായി ഉപയോഗിക്കുന്ന ഹീനപ്രവൃത്തി ഇന്നു സാധാരണയായി തീർന്നിരിക്കുന്നു. ഏതൊരു രാജ്യത്തിന്റേയും കരുത്ത് അവിടെയുള്ള യുവാക്കളുടെ കർമ്മശേഷിയും ബുദ്ധി വൈഭവവുമാണല്ലൊ. ഇതു രണ്ടും നേരോടെ ഉപയോഗിക്കാൻ അവരെ ശീലിപ്പിക്കണം. അല്ലെങ്കിൽ നേരിടേണ്ടി വരുന്ന ഫലം ഗുരുതരമായിരിക്കും. ഒരു ചെറിയൊരു കൂട്ടത്തിനു ആയിരക്കണക്കിനു വാഹനങ്ങളെ മാർഗ്ഗ മദ്ധ്യേ തടഞ്ഞിടാൻ സാധിക്കും. ഒരു സംഘടന വിചാരിച്ചാൽ ആയിരക്കണക്കിനു ആളുകൾ സഞ്ചരിക്കുന്ന ട്രെയിൻ നിർത്തിയിടാൻ സാധിക്കും. വെറും ന്യൂനപക്ഷത്തിനു , ഒരു ഭരണകൂടത്തെ നിയന്ത്രിക്കാനും വേണ്ടി വന്നാൽ തറ പറ്റിക്കാനും കഴിയും എന്ന സ്ഥിതിയാണ് ഇന്നുള്ളത്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് ? ഇതിനുള്ള പരിഹാരം എന്താണ് ?

ഭൗതികമായ നിയമങ്ങൾ എല്ലാം മനുഷ്യരുടെ നന്മയെ

ഉദ്ദേശിച്ചു നല്കിയിട്ടുള്ളവയാണ്. എന്നാൽ ദുർമോഹം മനസിൽ കടന്നു വരുമ്പോഠം അതു ആളുകളെക്കൊണ്ടു തെററു ചെയ്യിക്കുന്നു. അങ്ങനെ അതു അനീതിയായി തീരുന്നു. ഏതു നിയമത്തെയും ലംഘിക്കുമ്പോഠം ആദ്യം പിടിക്കപ്പെടാതിരിക്കുന്നതുകൊണ്ടു അവർ അതു തുടരുവാനിടയാകുന്നു. കുററം ചെയ്യുന്ന വ്യക്തിയുടെ മനസും ഹൃദയവും അങ്ങനെ മരവിക്കുന്നു. ക്രമേണ അവർ ഇത്തരം ദുഷ്ക്കർമ്മങ്ങഠംക്കു അടിമയാകുന്നു. ഇതു അദൃശ്യമായ ഒരു പ്രേരണാശക്തിയാൽ സംഭവിക്കുന്നതാണ്. ആളുകളുടെ ഉള്ളിൽ ദുശ്ചിന്ത കടത്തി വിടുന്നതു പിശാചിൻെറ തന്ത്രമാണ്. സത്യവും നീതിയും ജീവിതത്തിൽ നിന്നു മാററി നിർത്തുക എന്നതാണ് സാത്താൻെറ ലക്ഷ്യം. അങ്ങനെ മനസിൻെറ സ്വസ്ഥതയും സമാധാനവും നഷ്ടപ്പെടുത്തുന്നു. ഒരു തെററു ചെയ്താൽ അതിനെ മറെക്കുവാൻ വീണ്ടും തെററു ചെയ്യേണ്ടി വരും എന്നോർക്കണം. അതിൽ അടിമയായി തീരുന്ന ഏതൊരാഠംക്കും സ്വന്ത കഴിവോ ബുദ്ധിയോ ഉപയോഗിച്ച് മോചനം നേടാൻ കഴിയാതെ വരുന്നു. ഇങ്ങനെ കുപ്രസിദ്ധി നേടിയവർ ചരിത്രത്തിലും ഇന്നും ധാരാളമുണ്ട്. തിന്മകൊണ്ടു സമ്പാദിക്കുന്നവർ അതു ദീർഘനാഠം അവർക്കു ഉപയോഗിക്കാൻ സാദ്ധ്യമല്ല എന്ന കാര്യം മറക്കുന്നു. തന്നെയുമല്ല, അവർ അനുഭവിക്കേണ്ടി വരുന്ന അനന്തര ഫലത്തെ കുറിച്ചും അപ്പോഠം ചിന്തിക്കുകയില്ല.

കുടുംബങ്ങളേയും സമൂഹത്തെയും രാജ്യത്തെതന്നെയും നശിപ്പിക്കുന്ന ഈ ഇത്തിക്കണ്ണികളെ വളർത്തുന്നതു ശുഭമല്ല, അവരെ നിലയ്ക്കു നിർത്തുവാനും സമൂഹത്തിൽ നിന്നു തിന്മ തുടച്ചുകളവാനും ഉള്ള ഏക മാർഗ്ഗം അവർക്കു തെററു തിരുത്തി മാനസാന്തരപ്പെടുവാനുള്ള അവസരം ഒരുക്കണം. അതായതു നീതിബോധം ഉണർത്തി ദൈവ വഴിയിലേക്കു തിരിച്ചു കൊണ്ടു വരണം.

★

# ഉപദേശിക്കപ്പെടാത്തവർ രക്ഷിക്കപ്പെടുമോ?

J. C. ചോട്ട്

അജ്ഞരും പഠിക്കാത്തവരും ഉപദേശം ലഭിക്കാത്തവരുമായ ആളുകൾ രക്ഷിക്കപ്പെടുമോ എന്ന വാദഗതി നിലവിലുണ്ട്. ആളുകൾ ദൈവത്തെ കുറിച്ചു അറിയാതിരുന്നാൽ, യേശുക്രിസ്തുവിനെ കുറിച്ചു ഒരിക്കലും അവർ കേട്ടിട്ടില്ലെങ്കിൽ, അവരോടു ക്രിസ്തുവിന്റെ സുവിശേഷം ഒരിക്കലും ആരും പ്രസംഗിച്ചിട്ടില്ലെങ്കിൽ അവർ എങ്ങനെ അവരുടെ ആത്മീയ നഷ്ടത്തെ കുറിച്ചു ബോധമുള്ളവരാകും ? രക്ഷയുടെ ആവശ്യം അവർ എങ്ങനെ തിരിച്ചറിയും? ക്രിസ്തുവിൽ വിശ്വസിക്കേണ്ടതിന്റെ പ്രാധാന്യം അറിയാത്തവർക്കു എന്തു സംഭവിക്കും എന്നെല്ലാം ആളുകൾ ചോദിക്കാറുണ്ട്. മുകളിൽ പറഞ്ഞ കാര്യങ്ങൾ ഒന്നും അറിയാത്തതുകൊണ്ടു കർത്താവ് ഒരിക്കലും അവരെ ശിക്ഷിക്കയോ നരകത്തിലേക്കു അയക്കുകയോ ചെയ്യുകയില്ല എന്ന അന്തിമ തീരുമാനത്തിലെത്തുകയാണ് ഇവർ. എന്താണ് ഇതിലുള്ള ആധികാരികത എന്നു നാം അറിഞ്ഞിരിക്കണം.

ഈ ദയനീയമായ കാര്യകാരണ വിചാരത്തിലെത്തുന്നവരും എല്ലാവരും ഓർമ്മിക്കേണ്ട കാര്യമെന്തെന്നാൽ എല്ലാവരും പാപികളാണ് എന്നും ക്ഷമിക്കപ്പെടാത്ത പാപമാണ് നമ്മെ ശിക്ഷിക്കുന്നതു, അല്ലാതെ ദൈവമല്ല എന്നും തിരിച്ചറിയണം (റോമർ 3:23). നന്മയും തിന്മയും തിരിച്ചറിയാവുന്ന ഏതൊരാളും തിന്മ തിരഞ്ഞെടുത്തു പാപിയായി തീരുമ്പോൾ കുററവാളിയായി തീരുന്നു. അതുകൊണ്ടു അങ്ങനെയുള്ള ഒരാൾക്കും സ്വയമായി നരക ശിക്ഷയിൽ നിന്നു ഒഴിഞ്ഞുമാറാവുന്നതല്ല.

ലളിതവും എന്നാൽ ഇതിനു സമാന്തരവുമായ ഒരു ചിത്രീകരണം നോക്കാവുന്നതാണ്. ഒരു മാരകമായ രോഗത്തിനു ലോകത്തെ മുഴുവൻ തുടച്ചു മാററാൻ കഴിയും. മനുഷ്യരിൽ അതു പടർന്നു വ്യാപിക്കും എന്നർത്ഥം. ആതിൽ നിന്നുള്ള സംരക്ഷണത്തിനും രോഗശമനത്തിനും ഒരു പ്രതിരോധ മരുന്നും ഇല്ല. ആ രോഗം ബാധിച്ചാൽ മരണം മാത്രമാണ് അവശേഷിക്കുന്നതു. മനുഷ്യർക്ക് ആർക്കും ഒന്നും ചെയ്യുവാൻ കഴിയുകയില്ല. അതേ അവസ്ഥയാണ് പാപത്തെ സംബന്ധിച്ചും.

നിസഹായമായ ഈ ആത്മിയാവസ്ഥയെ തിരിച്ചറിഞ്ഞുകൊണ്ടു നാം, ദൈവം മനുഷ്യനായി ഭൂമിയിൽ വന്നു ക്രൂശിൽ മരിച്ച യേശുക്രിസ്തുവിനെ ഓർമ്മിക്കുക. രക്ഷക്കുള്ള വഴി ഒരുക്കുന്നതിനു വേണ്ടിയാണ് അവൻ അതു ചെയ്തതു (യോഹന്നാൻ 14:6). സർവ്വ ലോകത്തിനും ഒരു മോചനത്തിൻേറയും സംരക്ഷണത്തിൻേറയും വഴിയാണ് അവൻ ഒരുക്കിയത്. സൗഖ്യം ലോകത്തിനു സാദ്ധ്യമാക്കി. മരണകരമായ പാപത്തിൻെറ ബാധയിൽ നിന്നു രക്ഷ നേടുവാൻ എല്ലാവർക്കും കഴിയുമാറാക്കി.

എന്നാൽ പാപ രോഗത്തിൽ നിന്നു ക്രിസ്തുവിൻെറ ജഡിക മരണവും രക്തവും എങ്ങനെ രക്ഷിക്കും ? യേശുവിൻെറ മരണശേഷം അവൻ ഉയിർത്തെഴുന്നേററു, ശിഷ്യന്മാരോടു അരുളിച്ചെയ്തതു: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പിൻ; വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും (മർക്കൊസ് 16:15-16). സുവിശേഷമാണ് പ്രതിവിധി എന്നു ചുരുക്കം. അതാണ് ഇന്നു ലോകത്തിനാവശ്യം. സുവിശേഷത്തെ മാററി നിർത്തിയാൽ പാപത്തിനു പരിഹാരമില്ല.

ആകയാൽ പാപത്തിൽ നഷ്ടപ്പെട്ടവരോടു സുവിശേഷം അറിയിക്കേണ്ടതു ക്രിസ്ത്യാനികളുടെ കർത്തവ്യമാണ്.

ആ വാർത്ത കേൾക്കുന്നവർ സന്തോഷത്തോടെ കൈക്കൊള്ളു കയും അനുസരിക്കയും ചെയ്യുമ്പോൾ അതിന്റെ ഫലം അ നുഭവിക്കും. വെള്ളത്തിൽ സ്നാനമേല്ക്കുമ്പോൾ അവ രുടെ പാപങ്ങൾ ക്ഷമിക്കുമെന്ന ദൈവ വാഗ്ദാനം നിറവേ റപ്പെടുന്നു. അങ്ങനെ അവരിലുള്ള മരണകരമായ രോഗം ഭേദമാവുകയും അവർ ജീവിക്കയും ചെയ്യുന്നു.

പക്ഷെ നാം ഈ സന്ദേശം വിശ്വസിക്കാത്തവരിൽ എ ത്തിച്ച ശേഷം അവർ ഇതു കേട്ടിട്ടു വിശ്വസിക്കാതെ തള്ളി ക്കളയുകയാണെന്നു വിചാരിക്കുക. അതായതു അവർ കർ ത്താവിൽ വിശ്വസിക്കുകയോ അവന്റെ ഉപദേശങ്ങളെ അ നുസരിക്കുകയോ ചെയ്യുന്നില്ലെങ്കിൽ താത്വികമായി അവർ നഷ്ടപ്പെട്ടവരുടെ പട്ടികയിലാണെന്നു തീർച്ചപ്പെടുത്താം. കാരണം അവർ കർത്താവിന്റെ രക്ഷാമാർഗ്ഗത്തെ നിരസി ച്ചിരിക്കയാണ്.

മുകളിൽ പറഞ്ഞ കാര്യങ്ങളെയെല്ലാം പരിഗണിച്ചു കൊണ്ടു നമുക്കു ചിലരുടെ ചോദ്യമായ ഉപദേശിക്കപ്പെടാ ത്തവർ രക്ഷിക്കപ്പെടുമോ എന്ന വിഷയത്തിലേക്കു തിരി യാം. കർത്താവിന്റെ കരുണയെയും ദീർഘ ക്ഷമയെയു മാണ് അവർ എടുക്കുന്നതു. ഉപദേശം ലഭിക്കാത്തവർ രക്ഷിക്കപ്പെടുമെങ്കിൽ ക്രിസ്തു പാപത്തിനായി മരിക്കേണ്ട ആവശ്യം ഉദിക്കുന്നില്ല; സുവിശേഷം ലോകത്തിൽ എങ്ങും പ്രചരിപ്പിക്കേണ്ട ആവശ്യവും വരുന്നില്ല. നഷ്ടപ്പെട്ട ആളുകൾക്കു രക്ഷാ സന്ദേശം അനിവാര്യമാണ്. അവർ ദൈവ വചനം കേൾക്കേണ്ടതുണ്ട്. അതിനുള്ള അവസര മാണ് ദൈവം ഒരുക്കുന്നത്. സുവിശേഷം എന്നതു ശി ക്ഷാ സന്ദേശമല്ല; രക്ഷാ സന്ദേശമാണ്. മനുഷിക ത ത്വമനുസരിച്ചല്ല ദൈവം പ്രവർത്തിക്കുന്നതു. ദൈവത്തി ന്റെ ആജ്ഞ ആളുകൾ അങ്ങനെ തന്നെ അനുസരിക്കണം.

സുവിശേഷം കേട്ടവർ വിശ്വസിക്കയും അനുസരിക്കയും ചെയ്യാതിരുന്നതിനു അവരെ ശിക്ഷിക്കും. അനുസരിച്ച

വർ അതു മററുള്ളവരെ അറിയിച്ചില്ലെങ്കിൽ അവരെയും ശിക്ഷിക്കും. അതാണ് ദൈവ നീതി. ലോകത്തെ അജ്ഞതയിൽ നിർത്തുവാനല്ല ദൈവം ആഗ്രഹിക്കുന്നതു. എല്ലാവരും ദൈവ പരിജ്ഞാനത്തിലെത്തുവാൻ ദൈവം ഇച്ഛരിക്കുന്നു (1 തിമൊഥെയൊസ് 2:4).

ലോകത്തിൽ ഒരു മാരക രോഗം പടർന്നു പിടിച്ചാൽ ആ രോഗം ജനസംഖ്യയെ മുഴുവൻ തുടച്ചു മാററിക്കൊണ്ടിരിക്കുമ്പോൾ അജ്ഞത ഏതെങ്കിലും വ്യക്തിയെ രക്ഷിക്കുമോ ? അല്ലെങ്കിൽ അറിവില്ലായ്മ രക്ഷക്കോ പ്രതിവിധിക്കോ കാരണമാകുമോ ? അതിൽ നിന്നു സൗഖ്യം കിട്ടുന്നതെങ്ങനെ എന്നു ആരും ഒരു വ്യക്തിയോടു പറഞ്ഞില്ല എന്ന കാരണത്താൽ രോഗം വരാതിരിക്കുമോ ? രോഗം വന്നാൽ മരിക്കാതിരിക്കുമോ ? അജ്ഞതയിലും അയാൾ മരിക്കും എന്നതാണ് വാസ്തവം. പാപത്തെ സംബന്ധിച്ചും അതു തന്നെയാണ് യഥാർത്ഥ്യം.

അജ്ഞത, പാപത്തിൽ നിന്നു ഒരാളെ രക്ഷിക്കുന്നില്ല. അതുപോലെ അവിശ്വാസം, അനുസരണക്കേട്, അവിശ്വസ്തത, എന്നിവക്കൊന്നും ആരെയും രക്ഷിപ്പാൻ കഴിയുകയില്ല. ഭൗതിക ലോകത്തിൽ പോലും അസംഖ്യം നിയമങ്ങൾ ഉണ്ട്. ആ നിയമങ്ങളെ നാം ലംഘിക്കുമ്പോൾ അറിയാതെ ചെയ്താൽ പോലും അതിൻെറ അനന്തര ഫലം നാം അനുഭവിക്കേണ്ടി വരും. നിയമ പാലകർ എന്തു പറയുമെന്നോ ? നിയമങ്ങൾ ചോദിച്ചറിയുകയും, അനുസരിക്കയും ചെയ്യേണ്ടതു നമ്മുടെ കടമയാണ് എന്നത്രേ. ദൈവത്തിൻെറ അദൃശ്യമായ ലക്ഷണങ്ങൾ ലോക സ്ഥാപനം മുതൽ അവൻെറ അദൃശ്യ ശക്തിയും ദൈവികത്വവും നമ്മുടെ ബുദ്ധിക്കു തെളിവാകേണ്ടതിനു വെളിപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടു ആർക്കും യാതൊരു ഒഴിവു കഴിവുമില്ല (റോമർ 1:20).

★

# ക്രിസ്ത്യാനിയും സർക്കാരും

റോഡ് റൂതർഫോർഡ്

ഒരു ക്രിസ്ത്യാനിക്കു ഗവൺമെൻറിനെ സേവിക്കാമോ ? തിരഞ്ഞെടുപ്പിൽ ക്രിസ്ത്യാനികൾക്കു വോട്ടു രേഖപ്പെടുത്താമോ ? അവർക്കു ദേശീയ പതാകയെ വന്ദിക്കുകയും ദേശീയഗാനം ആലപിക്കയും ചെയ്യാമോ ? ഈ ചോദ്യങ്ങൾ എല്ലാം ചോദിക്കപ്പെടാൻ കാരണമുണ്ട്. രാഷ്ട്രീയ നേതാക്കളിൽ ചിലർ സത്യസന്ധരല്ല; മററു ചിലർ അഴിമതിക്കാരാണ്. സർക്കാരിൽ ജോലി ചെയ്യുന്നവരിൽ ഏതാനും പേർ ഇത്തരക്കാരാണ്. ബൈബിളിൽ എന്താണ് ഇതിനെ കുറിച്ച് പറയുന്നതു ?

യേശു ഈ ഭൂമിയിൽ ശാരീരികമായി വസിച്ചിരുന്നപ്പോൾ ഇസ്രായേൽ ദേശം ഭരിച്ചിരുന്നതു റോം ആയിരുന്നു. യെഹൂദന്മാർ റോമാക്കാരെ വെറുത്തിരുന്നു. റോമൻ ഉദ്യോഗസ്ഥൻമാർ പലപ്പോഴും അഴിമതിക്കാരും അടിച്ചമർത്തുന്നവരും ആയിരുന്നു. ഒരിക്കൽ പരീശന്മാർ യേശുവിനെ കുടുക്കുവാൻ ശ്രമിച്ചു. അവർ അതിനു യേശുവിനോടു ഒരു ചോദ്യം ചോദിച്ചു. കൈസർക്കു കരം കൊടുക്കുന്നതു വിഹിതമോ അല്ലയോ എന്നു ചോദിച്ചു (മത്തായി 22:15-22). കരം കൊടുക്കുന്നതു തെററാണെന്നു പറഞ്ഞാൽ റോമാ ഭരണാധികാരിക്കു അവനെ ഏല്പിച്ചു കൊടുക്കാം. കരം കൊടുക്കുന്നതു നല്ലതാണെന്നു പറഞ്ഞാൽ അവൻ യെഹൂദന്മാരുടെ അപ്രീതിക്കിരയാകും. അവർ വിചാരിച്ചതു അവനെ ഈ ചോദ്യത്തിൽ കുടുക്കാമെന്നാണ്. യേശു അവരോടു ഒരു റോമ നാണയം കൊണ്ടു വരാൻ ആവശ്യപ്പെട്ടു. അതിന്മേലുള്ള പടവും മേലെഴുത്തും ആരുടേത് എന്നു ചോദിച്ചു. കൈസരുടേത് എന്നു അവർ ഉത്തരം പറഞ്ഞു. എന്നാൽ കൈസർക്കുള്ളതു കൈസർക്കും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുക്കട്ടെ എന്നു പറഞ്ഞു (മത്തായി 22:21).

ഓരോ ക്രിസ്ത്യാനിയും രണ്ടു രാജ്യങ്ങളിലാണ് ജീവിക്കുന്നതു. ഒന്നു ഭൗതികവും മറേറതു ആത്മികവും ആണ്. ക്രിസ്തുവിൻെറ സഭയിലെ അംഗങ്ങളായ നാം ക്രിസ്തുവിൻെറ ആത്മീയ രാജ്യത്തിലെ പൌരന്മാരാണ് (മത്തായി 16:16-18; കൊലൊസ്യർ 1:18). അതേ സമയം നാം ഭൗതികമായി ഇന്ത്യയിലെ പൌരന്മാരുമാണ്. നാം ഈ രണ്ടു രാജ്യത്തിലും നല്ല പൗരന്മാരായിരിക്കണം. രണ്ടു രാജ്യങ്ങളിലും നമ്മുടെ കർത്തവ്യം നാം നിർവ്വഹിക്കണം.

ലോകത്തിലെ ഭൂരിഭാഗം രാജ്യങ്ങളും റോമിൻെറ വാഴ്ച്ചയിലായിരുന്ന സമയത്തായിരുന്നു അപ്പൊസ്തലനായിരുന്ന പൌലൊസ് ജീവിച്ചിരുന്നത്. അവൻ ഒരു റോമാ പൗരനായിരുന്നു (പ്രവൃത്തി 22:25_29). റോമാ ചക്രവർത്തിമാരിൽ വെച്ചേററവും ക്രൂരനും അക്രമിയുമായിരുന്ന ഒരാളായിരുന്നു നീറോ. ആ സമയത്താണ് പൌലൊസ് എഴുതിയത്. എല്ലാ മനുഷ്യരും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരധികാരവുമില്ലല്ലൊ; ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു. ആകയാൽ അധികാരത്തോടു മറുക്കുന്നവൻ ദൈവ വ്യവസ്ഥയോടു മറുക്കുന്നു. മറുക്കുന്നവരോ ശിക്ഷാവിധി പ്രാപിക്കും. വാഴുന്നവർ സൽപ്രവൃത്തിക്കല്ല, ദുഷ്പ്രവൃത്തിക്കത്രെ ഭയങ്കരം. അധികാരസ്ഥനെ ഭയപ്പെടാതിരിപ്പാൻ ഇച്ഛിക്കുന്നുവോ ? നന്മ ചെയ്ക, എന്നാൽ അവനോടു പുകഴ്ച്ച ലഭിക്കും. നിൻെറ നന്മക്കായിട്ടല്ലൊ അവൻ ദൈവ ശുശ്രൂഷക്കാരനായിരിക്കുന്നതു. നീ തിന്മ ചെയ്താലോ ഭയപ്പെടുക; വെറുതെയല്ല അവൻ വാറം വഹിക്കുന്നതു.

(ശേഷം അടുത്ത ലക്കത്തിൽ)

★

# ദൈവാശ്രയം ഭയത്തെ നീക്കുന്നു

ഡേവിഡ്. എം

ഉറച്ച ദൈവ വിശ്വാസം നമ്മെ പല വിധത്തിൽ സഹായിക്കും. പലരും ജീവിതത്തിൽ പതറി വീഴുന്നതിന്റെ മുഖ്യ കാരണവും മററൊന്നല്ല. പഴയ നിയമത്തിലേയും പുതിയ നിയമത്തിലേയും ചരിത്ര പുരുഷന്മാർ അവരുടെ ജീവിതത്തിൽ അനുഭവപ്പെട്ടിട്ടുള്ള കാര്യങ്ങൾ നമ്മെ ഉത്തേജിപ്പിക്കുന്നതാണ്. അതുകൊണ്ടു നമുക്കു ധൈര്യമായി പറയാം-കർത്താവു എനിക്കു തുണ ഞാൻ ആരെ പേടിക്കും ? മനുഷ്യൻ എന്നോടു എന്തു ചെയ്യും ? (എബ്രായർ 13:6). ദൈവം സർവ്വ ശക്തനാണ്. സംരക്ഷിക്കയും സഹായിക്കയും ചെയ്യുന്ന ദൈവം അനുവദിക്കാതെ എതിരായി ആർക്കും ഒന്നും ചെയ്വാൻ സാദ്ധ്യമല്ല.

ദൈവത്തിലുള്ള ആശ്രയം നമ്മെ ധൈര്യപ്പെടുത്തുന്നു നമുക്കു ചുററും ഉള്ളവർ എന്തിനെയെങ്കിലും ചൊല്ലി ഭയപ്പെടുമ്പോൾ നമുക്കു ധൈര്യം പകരുന്നതു ദൈവമാണ്. കടലിൽ നിന്നു അറിയാതെ അടിച്ചുയരുന്ന തിരമാലകൾ പോലെ കുഴപ്പങ്ങൾ ഒന്നൊന്നായി വന്നാലും യഹോവയായ ദൈവത്തിൽ നങ്കൂരം ഉറപ്പിച്ചവർ ഒരിക്കലും കുലുങ്ങിപോകയില്ല. കടലിൽ നിന്നു കപ്പൽ കരക്കടുപ്പിക്കാൻ കഴിവുള്ളവനാണ് നമ്മുടെ കപ്പിത്താനായ യജമാനൻ. അവൻ നമ്മെ നിത്യ തീരമായ സ്വർഗ്ഗീയ വിശ്രമ ദേശത്തേക്കു എത്തിക്കുവാൻ മതിയായവനാണ്, ഇവിടെ നാം അനുഭവിക്കുന്ന അനിശ്ചിതാവസ്ഥയോ നിരാശയോ ഒന്നും അ

വിടെ ഓർക്കേണ്ട കാര്യമില്ല. ഒരിക്കലും അവസാനിക്കാത്ത പ്രകാശവും ആനന്ദവുമായിരിക്കും അവിടെ അനുഭവപ്പെടുക.

തന്റെ ഹൃദയത്തിൽ പൂർണ്ണാശ്രയം വെച്ച ഒരാട്ടിടയനായിരുന്നു ബാലനായിരുന്ന ദാവീദ്. ഭയരഹിതമായ വ്യക്തിത്വം എങ്ങനെയായിരിക്കും എന്നതിനു നല്ലൊരു ഉദാഹരണം ആണ് ദാവീദ്. ഒരു അജാനുബാഹു ആയിരുന്ന ഗോല്യാത്ത് വലിയൊരു പർവ്വതത്തിനു മുകളിൽ കയറി ഇസ്രായേൽ ദേശത്തിനെതിരെ വെല്ലുവിളി ഉയർത്തിയപ്പോൾ ഇസ്രായേൽ പടയിൽ ഉണ്ടായിരുന്ന ആളുകളിൽ ദാവീദ് ഒഴിച്ച് എല്ലാവരും ഭയന്നു വിറച്ചു. ഒരു ബാലനായിരുന്നതുകൊണ്ടു ഗോല്യാത്തിനെ എതിർക്കുവാൻ തക്ക ശക്തി അവനില്ല എന്നു രാജാവായിരുന്ന ശൗൽ പറഞ്ഞു. പക്ഷെ ദാവീദ് രാജാവിനോടു പറഞ്ഞതെന്തെന്നാൽ തന്നെ കരടിയുടെ കയ്യിൽ നിന്നു രക്ഷിച്ച ദൈവത്തിനു ഫെലിസ്ത്യന്റെ കയ്യിൽ നിന്നും എന്നെ വിടുവിപ്പാൻ കഴിയും എന്നത്രെ. ദാവീദ്, ഗോല്യാത്തിനെ നേരിട്ട സമയത്തു വാസ്തവത്തിൽ അവനെ കരുണയില്ലാത്ത വിധം കളിയാക്കി. അവന്റെ മാംസം, ആ ഗോല്യാത്ത് ആകാശത്തിലെ പക്ഷികൾക്കും കാട്ടിലെ മൃഗങ്ങൾക്കും കൊടുക്കും എന്നാണ് പറഞ്ഞതു. എന്നാൽ ദാവീദ്, ശാന്തമായി പറഞ്ഞു: ദൈവം അവനെ ഇന്നു തന്റെ കയ്യിൽ ഏല്പിക്കും. അവനും ആ കരടിയെയും സിംഹത്തെയും പോലെ ആകും എന്ന് (1 ശമുവേൽ 17:32-50).

എതിർപ്പുകളുടേയും തടസ്സങ്ങളുടേയും മദ്ധ്യേ ഒരാൾ തന്റെ ഹൃദയം ദൈവത്തിൽ ഉറപ്പിക്കുന്നുവെങ്കിൽ ഭയം അ

യാളിൽ നീന്നകലും. നിങ്ങൾക്കു കടുകു മണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോടു നീങ്ങി കടലിൽ പോക എന്നു പറഞ്ഞാൽ സംഭവിക്കും എന്നു കർത്താവു പറഞ്ഞിരിക്കുന്നു. ഇങ്ങനെയുള്ള തടസങ്ങൾ ചിലപ്പോൾ ഗോല്യാത്തിനെപോലെ അസാദ്ധ്യമായി തോന്നാം. ഇതെങ്ങനെ തരണം ചെയ്യും എന്നാലോചിച്ച് നാം വ്യാകുല ചിത്തരായിരിക്കും. എന്നാൽ നമ്മുടെ ആശ്രയം ദൈവത്തിൽ ആണെങ്കിൽ തടസങ്ങളും എതിർപ്പുകളും എത്ര വലുതായാലും അതു നാം അറിയാതെ മാറിപോകുന്നതു കാണാം. പക്ഷെ നാം നമ്മുടെ ബുദ്ധിയിലും കഴിവിലും ആശ്രയിക്കുന്നതുകൊണ്ടാണ് പരാജയപ്പെടുന്നതു. പൂർണ്ണാശ്രയം ദൈവത്തിൽ അർപ്പിച്ചിരിക്കുന്നവർ ജീവിതത്തിൽ വിജയികളായി തീരും എന്നതാണ് പരമാർത്ഥം.

യഹോവയിൽ ആശ്രയിക്കുന്നവർ കുലുങ്ങാതെ എന്നേക്കും നില്ക്കുന്ന സീയോൻ പർവ്വതം പോലെയാകുന്നു. ദൈവമാണ് നമ്മുടെ രക്ഷകൻ; അവൻ മുൻപും പിൻപും നമ്മുടെ തുണയാകുന്നു (സങ്കീർത്തനങ്ങൾ 125:1). ദൈവത്തിൽ ആശ്രയം വെക്കുക എന്നു പറഞ്ഞാൽ അവന്റെ വിശുദ്ധ വചനത്തെ വിശ്വാസത്തോടെ അനുസരിക്കുക എന്നാണ്. അവന്റെ വചനത്തിൽ നിന്നു മാറാതെ അതിൽ വസിക്കണം. ഭൂമിയിലെ സർവ്വ ദുഷ്ടാത്മ ശക്തികളും ഒന്നായി എതിരിട്ടാലും നീതിമാനായ ദൈവം നമ്മെ തന്റെ നീതി പാതകളിൽ നിലനിർത്തും. ആശ്രയത്തിലാണ് ശക്തി എന്നു പിശാചിനു നന്നായറിയാം. അതുകൊണ്ടാണ് ആളുകളിൽ സംശയത്തിന്റെ വിത്തു പാകുന്നതു. അതുകൊണ്ടു പിശാചിനോടു എതിർത്തു നില്പാൻ വചനം പഠിച്ച് അതിൽ സ്ഥിരത പൂണ്ടു ജീവിക്കുക.

★

# അപ്പം കൊണ്ടു മാത്രമല്ല

## വാൾട്ടർ സ്‌വെയിൻ

ലൗകികമായ കാഴ്ചപ്പാടിൽ മാത്രം ഒതുങ്ങി ജീവിക്കുന്നവരാണ് ലോകത്തുള്ള ആളുകളിൽ ഭൂരിഭാഗവും. ചരിത്രത്തിൻെറ ഏററവും വലിയ നേരിടലും മറെറാന്നല്ല. രണ്ടു തുല്യ ശക്തികൾ തമ്മിൽ നേരിട്ടാൽ ആരു ജയിക്കും; ആരു തോൽക്കും ? നിത്യ വിധി നേരിടേണ്ടി വരുന്ന സാഹചര്യം എന്തുകൊണ്ടാണെന്നു അറിയാമല്ലൊ. ഇതുപോലെ മറെറാരു യുദ്ധം നടന്നിട്ടില്ല എന്നു തീർത്തു പറയാം. കാരണം ഫലം അത്ര ദൂരവ്യാപകമാണ്.

എതിരാളികളിൽ ഒരാൾ നാല്പതു രാവും നാല്പതു പകലും ഉപവസിച്ചു. ആഹാരം കഴിക്കാതെ ശാരീരികമായി വിശന്നിരിക്കുന്നു. പെട്ടെന്നു എന്തെങ്കിലും കഴിക്കാൻ കിട്ടിയെങ്കിൽ എന്നാഗ്രഹിക്കുന്ന സമയം. അവൻെറ എതിരാളി, ഒരു കല്ല് അപ്പമാക്കി ഭക്ഷിപ്പാൻ ആവശ്യപ്പെടുന്നു. അങ്ങനെ അവൻെറ ഭൗതികമായ വിശപ്പ് അടക്കാമല്ലൊ. അങ്ങനെ വിശപ്പു അടക്കിയാൽ തൃപ്തിയുമാകുമല്ലൊ. അതു ചെയ്യുവാൻ ശക്തിയുള്ള ആളോടാണ് അവൻ പറയുന്നതും. എങ്കിലും അവൻ അതു നിരസിച്ചു. അങ്ങനെ ചെയ്യുവാൻ തയ്യാറായില്ല. അവൻ ആ വെല്ലു വിളിയെ നേരിട്ടതു പഴയ നിയമത്തിലെ ഒരു ഉദ്ധരണി ചൂണ്ടി കാണിച്ചുകൊണ്ടാണ്. മനുഷ്യൻ അപ്പം

(ശേഷം 19-ാം പേജിൽ)

വാർത്തകൾ

# മൈക്രോസോഫ്റ്റും ഇൻഫോസിസും കൈകോർക്കുന്നു

കംപ്യൂട്ടർ ഭീമന്മാർ കൈകോർക്കുന്നു. ലോകത്തിലേക്കും വലിയ പി.സി, സോഫ്റ്റ്‌വെയർ സ്ഥാപനമായ മൈക്രോസോഫ്റ്റും ഇന്ത്യയിലെ ഏറ്റവും പ്രമുഖ വിവര സാങ്കേതിക സ്ഥാപനമായ ഇൻഫോസിസ് ടെക്നോളജീസും പങ്കാളിത്തം സ്ഥാപിക്കാൻ തീരുമാനിച്ചു

മൈക്രോസോഫ്റ്റ് ആസൂത്രണം ചെയ്യുന്ന അത്യാധുനിക 'ഡോട്ട്നെറ്റ്' സെർവർ പ്ലാറ്റ്ഫോമിനു വേണ്ടി സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുക്കാനുള്ള ആഗോള പങ്കാളിത്തമാണ് ഇതോടെ നടപ്പാവുന്നത്. മൈക്രോസോഫ്റ്റ് തലവൻ ബിൽഗേറ്റ്സിന്റെ ഏകദിന ഇന്ത്യൻ സന്ദർശനത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രഖ്യാപനവും ഇതായി.

ഡോട്ട്നെറ്റ് സാങ്കേതികതയെക്കുറിച്ചു വിവരിക്കുക, മൈക്രോസോഫ്റ്റ് ഇന്ത്യയുടെ പത്താം വാർഷികാഘോഷത്തിൽ പങ്കെടുക്കുക, മുഖ്യമന്ത്രിമാരുമായി ചർച്ച നടത്തുക ഇവയായിരുന്നു ബിൽ ഗേറ്റ്സിന്റെ രണ്ടാം ഇന്ത്യാ സന്ദർശനത്തിന്റെ സവിശേഷതകളായി പറഞ്ഞുകേട്ടിരുന്നത്. ഇതിനുപരിയായി ഒരു ഇന്ത്യൻ വിവര സാങ്കേതിക സ്ഥാപനവുമായി പങ്കാളിത്തം പ്രഖ്യാപിക്കാൻ പോകുന്നുവെന്ന ആദ്യസൂചന ലഭിച്ചത് ഗേറ്റ്സ് ഇന്ത്യയിൽ എത്തുന്നതിന് ഏതാനും മണിക്കൂർ മുൻപ് ഇൻഫോസിസ് ഇക്കാര്യം മുംബൈ സ്റ്റോക്ക് എക്സ്ചേഞ്ച് അധികൃതരെ അറിയിച്ചപ്പോൾ മാത്രമാണ്.

## വൈറ്റ്ഹൗസിലെ അടുക്കളയിലും ചിലതു ചീഞ്ഞുനാറുന്നു

വൈററ്ഹൗസിൻെറ ചുവരുകൾക്കുള്ളിൽ വീണ്ടും അപവാദങ്ങളുടെ ദുർഗന്ധം. പാചകക്കാരിയായ ഫ്രാനെററ മക് കുള്ളോഷ് ആണ് ഇക്കുറി പരാതിക്കാരി. വൈററ്ഹൗസിലെ അടുക്കളയിൽ നിരന്തരമായി നടക്കുന്ന ലൈംഗികപീഡനം നേരിട്ടുവെന്ന് ആരോപിച്ചു. പേസ്ട്രി വിഭാഗം മേധാവി റോളാൻഡ് മെസ്നിയർക്കും യു. എസ്. പ്രസിഡൻറ് ബിൽ ക്ലിൻറനും എതിരെ പരാതിപ്പെട്ടിരിക്കുകയാണു ഫ്രാനെററ. മെസ്നിയറുടെ പേരിൽ നടപടിയെടുത്തില്ല എന്നതാണു ക്ലിൻറൻെറ പേരിൽ ആരോപിച്ചിട്ടുള്ള കുററം.

വൈററ്ഹൗസിലെ മുൻ ജീവനക്കാരി മോണിക്ക ലെവിൻസ്കിയുമായി പ്രസിഡൻറ് ബിൽ ക്ലിൻറൻെറ വഴിവിട്ട ബന്ധം ക്ലിൻറൻെറ ഇംപീച്ച്മെൻറ് വരെയെത്തിയിരുന്നു. ക്ലിൻറൻ ജനുവരിയിൽ പ്രസിഡൻറ് പദവിയിൽ നിന്നു വിരമിക്കുകയാണ്. വൈററ്ഹൗസിലെ അടുക്കളയിൽ 1983_ൽ ജോലിക്കു ചേർന്ന തന്നെ 1991 മുതൽ മെസ്നിയർ പീഡിപ്പിക്കുകയാണെന്നു ഫ്രാനെററ യു. എസ്. ഡിസ്ട്രിക്ട് കോടതിയിൽ ഫയൽ ചെയ്ത പരാതിയിൽ അറിയിച്ചു. ഒൻപതു വർഷമായി പരാതിപ്പെട്ടിട്ടും നടപടിയെടുക്കാൻ വൈററ്ഹൗസ് അധികൃതർ തയാറാകുന്നില്ലെന്നു പരാതിയിൽപ്പറയുന്നു.

''ഇഷ്ടമില്ലെങ്കിൽ ജോലിയിൽനിന്നു പിരിയാം'' എന്നാണു മേലുദ്യോഗസ്ഥർ ഫ്രാനെറേറയോടു പറഞ്ഞതത്രേ. വിരുന്നുകളുടെ അവസാനം വിളമ്പുന്ന മധുര വിഭവങ്ങൾ പാചകം ചെയ്യാൻ അസാമാന്യ വിരുതുള്ള ഷെഫ് ആണ് മെസ്നിയർ. മെസ്നിയറുടെ ഇഷ്ടത്തിനു വഴങ്ങാത്തതിനാൽ ക്ലിൻറൻെറ ജന്മദിന കേക്ക് പാചകത്തിലും വിരുന്നുകളിലും നിന്നു ഫ്രാനെററയെ ഒഴിവാക്കിയത്രേ.

# കോടതി ക്ഷമാപണം നടത്തി; ശാസ്ത്രജ്ഞനെ മോചിപ്പിച്ചു

യു.എസ്. ആണവരഹസ്യം ചോർത്തിയെന്ന കേസിൽ ഒൻപതുമാസം ഏകാന്തത്തടവ് അനുഭവിച്ച ശാസ്ത്രജ്ഞൻ വെൻ ഹോലീയെ കോടതി വിട്ടയച്ചു.

കുററകൃത്യം നടന്നെന്നു തെളിയിക്കപ്പെടാത്ത ഒരു കേസിന്റെ പേരിൽ നടത്തിയ ആവേശകരമായ അന്വേഷണം അമേരിക്കയ്ക്ക് അപമാനകരമാണെന്നു യു.എസ്. ഡിസ്ട്രിക്ട് ജഡ്ജ് ജെയിംസ് പാർക്കർ വിധിച്ചു. പൗരാവകാശങ്ങൾ നിഷേധിച്ചതിനു ജഡ്ജി അറുപതുകാരനായ ലീയോടു രാജ്യത്തിനുവേണ്ടി മാപ്പു ചോദിച്ചു.

പക്ഷേ, ലീയെക്കുറിച്ചു നടത്തിയ അന്വേഷണം അടിസ്ഥാനരഹിതമല്ലെന്നു ഗവൺമെന്റ് ഭാഗം ആവർത്തിച്ചു അമേരിക്കയുടെ ദേശീയ സുരക്ഷിതത്വത്തെ ബാധിക്കുന്ന ആണവരഹസ്യങ്ങൾ സുരക്ഷിതമല്ലാത്ത കംപ്യൂട്ടറിലേക്കു മാററിയ ലീ ആ രേഖകൾവച്ച് സ്വന്തമായി ഒരു ലൈബ്രറി ഉണ്ടാക്കുകയായിരുന്നുവെന്ന് അവർ ആരോപിച്ചു. തായ്‌വാനിൽ ജനിച്ച ലീ ചൈനയ്ക്കുവേണ്ടി ചാരവൃത്തി നടത്തിയെന്ന് ആരോപണം ഉണ്ടായിരുന്നു.

ഇതേസമയം, വീട്ടിൽ മടങ്ങിയെത്തിയ ലീയ്ക്ക് അയൽക്കാരും വീട്ടുകാരും ഊഷ്മള സ്വീകരണം നൽകി. ലീ ആണവ രഹസ്യം ചൈനയ്ക്കു ചോർത്തിക്കൊടുത്തെന്ന ആരോപണം അമേരിക്കയിൽ ഒച്ചപ്പാടുയർത്തിയിരുന്നു. നേരത്തെ ലീയ്ക്ക് ജാമ്യം അനുവദിക്കാനുള്ള ഉത്തരവ് അവസാന നിമിഷം കോടതി പിൻവലിച്ചതും വാർത്തയായി. ലീ ആണവ രഹസ്യം ദൂരെയൊരിടത്ത് സൂക്ഷിച്ചിട്ടുണ്ടെന്നും ജാമ്യത്തിൽ ഇറങ്ങിയാലുടൻ രക്ഷപ്പെടുമെന്നും ആരോപിച്ചാണു ഗവൺമെൻറ് അഭിഭാഷകർ ലീക്കു ജാമ്യം നൽകുന്നതു തടഞ്ഞത്.

## മാർത്തോമ്മാ സഭ പുണെയിൽ പ്രഫഷനൽ കോളജ് ആരംഭിക്കും

മാർത്തോമ്മാ സഭ പുണെയിൽ ആരംഭിക്കുന്ന പ്രഫഷനൽ കോളജിന്റെ പ്രാരംഭ നടപടികൾക്കു സഭാ പ്രതിനിധിമണ്ഡലം അനുമതി നൽകി. തിരുവല്ല സഭാ ആസ്ഥാനത്തു ചേർന്ന പ്രതിനിധിമണ്ഡലം സമാപനദിന ബജററ് സമ്മേളനത്തിലാണ് ഇതു സംബന്ധിച്ച തീരുമാനം ഉണ്ടായത്. 7.81 കോടി രൂപ വരവും അത്രയും തുക ചെലവും പ്രതീക്ഷിക്കുന്ന ബജററ് വാർഷിക പ്രതിനിധിമണ്ഡലം അംഗീകരിച്ചു.

സാമൂഹിക പ്രവർത്തനങ്ങൾക്കും പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനും ഊന്നൽ നൽകി അവതരിപ്പിക്കപ്പെട്ട മാർത്തോമ്മാ സഭ ബജററിൽ കേരളത്തിനു പുറത്തു ബാലവാടികൾ നിർമിക്കാൻ 30 ലക്ഷം രൂപ വകയിരുത്തി. പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള വിവിധ പ്രവർത്തനങ്ങൾക്കു 11.85 ലക്ഷം രൂപ വകയിരുത്തി. മൈത്രീഭവന പദ്ധതിക്കു 48 ലക്ഷം രൂപയും പുവണ്ണാത്തെരുവിലെ കുട്ടികളെ പുനരധിവസിപ്പിക്കാനുള്ള നവജീവൻ പദ്ധതിക്കു 15 ലക്ഷം രൂപയും പുനരധിവാസത്തിന് 50 ലക്ഷം രൂപയും വകയിരുത്തി.

സഭാ ട്രസ്ററി അഡ്വ. സുരേഷ് കോശി അവതരിപ്പിച്ച ബജററിൽ, മാർത്തോമ്മാ സഭയിലെ ശുശ്രൂഷകർക്കും കുടുംബാംഗങ്ങൾക്കും വൈദ്യസഹായം, വിവാഹസഹായം, ഉന്നത വിദ്യാഭ്യാസ സഹായം, ഭവന നിർമാണം തുടങ്ങിയവയ്ക്കായി ക്ഷേമനിധി രൂപീകരിക്കാനും തീരുമാനമായി.

★

(14-ാം പേജിൻെറ തുടർച്ച)

കൊണ്ടു മാത്രമല്ല, ദൈവത്തിൻെറ വായിൽ നിന്നു വരുന്ന സകല വചനത്താലും ജീവിക്കുന്നു. ശത്രുവിൻെറ ആദ്യത്തെ ആക്രമണത്തെ അവൻ അതിജീവിച്ചതു ഈ വാക്യത്താലായിരുന്നു.

ഈ ഏററു മുട്ടൽ യേശുക്രിസ്തുവും സാത്താനും തമ്മിലായിരുന്നു. മത്തായി എഴുതിയ സുവിശേഷത്തിൽ ഇതിൻെറ വിവരണമുണ്ട് (മത്തായി 4:1-11). ഭൗതികമായ ആവശ്യങ്ങൾ നിറവേററി സംതൃപ്തി അടയുന്നതിനേക്കാൾ പ്രാധാന്യമുള്ളതായ കാര്യങ്ങൾ ഉണ്ട് എന്നു വചന പ്രകാരം അവൻ മറുപടി കൊടുത്തു. അതു കേട്ട പിശാച് അതിൽ നിന്നു മറെറാന്നിലേക്കു തിരിയുകയാണ് ചെയ്യുന്നതു. ശരീരത്തിൻെറ ആവശ്യമായ അപ്പം കൊണ്ടു മാത്രമല്ല മനുഷ്യൻ ജീവിക്കുന്നതു. ആത്മാവിൻെറ ആവശ്യമായ വചനം കൂടെ വേണം. എങ്കിലേ ആത്മീയമായ തൃപ്തി വരികയുള്ളു. ആന്തരിക വിശപ്പും ദാഹവും ശമിക്കുവാൻ ദൈവശ്വാസീയമായ വചനം തന്നെ വേണം. മറെറാരു ഉപാധിയും ഇതിനു പകരമില്ല.

ഈ ഭൂമിയിലെ നമ്മുടെ ജീവിത കാലയളവിൽ ജീവിക്കുവാൻ നമുക്കു ശക്തമായ ദൈവ വചനം വേണമെന്നു ഇതിൽ നിർദ്ദേശിക്കുന്നു. ആത്മാവിനെ നിലനിർത്തുവാനും ആരോഗ്യകരമായ ആത്മീയ ജീവിതത്തിനും പററിയ ഏക ഔഷധമാണ് തിരുവെഴുത്തുകൾ. ദൈവത്തിൻെറ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെ

യും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കും വരെ തുളെച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തങ്ങളെയും ഭാവങ്ങളേയും വിവേചിക്കുന്നതും ആകുന്നു (എബ്രായർ 4:12). എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിയിലും തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും, ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതത്രേ (2 തിമൊഥെയൊസ് 3:16-17).

എല്ലാ സൽപ്രവൃത്തികൾക്കും നമ്മെ പ്രാപ്തരാക്കുവാൻ എല്ലാ തിരുവെഴുത്തും ആവശ്യമാണ്. നമ്മുടെ ജീവിതത്തിൽ കഴിഞ്ഞതും ഇപ്പോഴുള്ളതും ഇനി ഭാവിയിൽ വരാനിരിക്കുന്നതുമായ കാര്യങ്ങളിൽ ദൈവ വചന ശക്തി നമുക്കു പ്രകടമാണ്. അപ്പൊസ്തലന്മാരുടെ എഴുത്തുകൾ പരിശോധിച്ചാൽ നമുക്ക് അതിന്റെ അർത്ഥം മനസിലാകും. മനുഷ്യ ചരിത്രത്തിൽ ആ ശക്തി വെളിപ്പെടുത്തിയതിനെ പത്രൊസ് പരാമർശിക്കുന്നു.

1. സകലത്തേയും സൃഷ്ടിച്ചപ്പോൾ (2 പത്രൊസ് 3:5). ഭൗതികമായ ജീവൻ ദൈവ വചനത്താലുളവായി (ഉല്പത്തി 13:69; എബ്രായർ 1:1-3). ഈ ലോകം തന്നെ നിലവിൽ വന്നതു ദൈവത്തിന്റെ വാക്കുകളാലാണ്. നാം ഇന്നും ജീവിക്കുന്നതു തന്നെ തുടർന്നും ദൈവം നമ്മെ നിലനിർത്തുന്നതുകൊണ്ടാണ് (പ്രവൃത്തി 17:28). ദൈവ രൂപത്തിലും സാദൃശത്തിലും നമ്മെ സൃഷ്ടിച്ചാക്കിയതുകൊണ്ടാണ് ആത്മിയമായ വിശപ്പ് നമ്മിൽ വരുന്നതും.

2. വീണ്ടും ജനിച്ച് പുതിയ സൃഷ്ടിയായി തീരുമ്പോൾ (1 പത്രൊസ് 1:22-25). ഒരാൾ ദൈവ വചനം കേട്ടു അനുസരിക്കുമ്പോഴാണ് ആത്മീയമായി ഓരോരുത്തരും ക്രിസ്ത്യാനികളായി തീരുന്നതു (റോമർ 10:17; യോഹന്നാൻ 3:5). ശൈശവ പ്രായം മുതൽ മരണം വരെ ആത്മീയ വളർച്ചക്കു വചനമെന്ന പാൽ കുടിക്കണം (1 പത്രൊസ് 2:1-2).

3. ആത്മീയ ജീവിതത്തെ ഊട്ടി ഉറപ്പിക്കുന്നതിനു (1 പത്രൊസ് 2:3-4). ഭൗതികമായതും ആത്മീകമായതുമായ അപ്പം ഏതൊരാൾക്കും അനിവാര്യമാണ്. നശിച്ചു പോകുന്ന ആഹാരം നശിച്ചു പോകുന്ന ശരീരത്തിനും, നിലനില്ക്കുന്ന വചനം എന്നേക്കുമുള്ള ആത്മാവിനും വേണം. ഭൗതികമായി നാം മൂന്നു നേരവും ആഹാരം കഴിക്കുന്നുണ്ട്. എന്നാൽ ആത്മീയാഹാരം പലപ്പോഴും ഉപേക്ഷിക്കപ്പെടുകയാണ്. മനുഷ്യനു ആഹാരം മാത്രം പോരാ, ദിവസവും ദൈവ വചന പഠനവും വേണം (പ്രവൃത്തി 17:11). ഓരോ കർത്തൃ ദിവസവും ദൈവ വചനം പഠിക്കണം. കൂടാതെ മററു ദിവസങ്ങളിലും ബൈബിൾ ഒഴിവാക്കരുത്. വചന പഠനം നാം നിർത്തിയാൽ ഭൗതികമായി മാറും. കിട്ടുന്ന ഓരോ അവസരത്തിലും നാം ഈ സത്യ വചനം മററുള്ളവരെ പഠിപ്പിക്കയും ചെയ്യണം. ഇതു ഒഴിച്ചു കൂടാനാവാത്തതാണ്. നാം വചനത്തെ ഉപേക്ഷിച്ചാൽ ആത്മീയമായി ദാരിദ്ര്യത്തിലായി മാറും. ആത്മീയ ജീവനു ആത്മീയാഹാരം നല്കണം. ആ കടമ നാം മറക്കരുത്.

4. അവസാനം സകല മനുഷ്യരേയും ന്യായം വിധിക്കുമ്പോഴാം (1 പത്രോസ് 4:5). ആ ദിവസത്തെ ന്യായവിധിയുടെ മാനദണ്ഡം വചനം ആയിരിക്കും എന്നു കർത്താവു പറഞ്ഞിരിക്കുന്നു (യോഹന്നാൻ 12:48). യോഹന്നാനു ലഭിച്ച വെളിപ്പാടിൽ ആ ന്യായ വിധിയുടെ ദർശനം അവനു കാണിച്ചു കൊടുക്കുന്നുണ്ട് (വെളിപ്പാട് 20:12). പുസ്തകം തുറന്നു, പുസ്തകത്തിൽ എഴുതിയിരിക്കുന്നതനുസരിച്ചാണ് ന്യായ വിധി നടത്തുന്നതു. കർത്താവിന്റെ വചനം തന്നെയാണ് അന്ത്യ നാളിൽ ന്യായം വിധിക്കുന്നതു എന്നോർക്കുക.

യേശുവിനെ പരീക്ഷിച്ച സാത്താൻ ഇന്നും മനുഷ്യരെ ഭൗതികമായവയാൽ പരീക്ഷിക്കുന്നുണ്ട്. ആളുകളെ ലൗകികതയുടെ ആകർഷണ വലയത്തിൽ നിർത്തിയശേഷം ആത്മീയ അന്ധതയിലാക്കുന്നു. ആത്മാവിനെ കുറിച്ചു ചിന്തിക്കാൻ പോലും സമയം കിട്ടാത്ത അവസ്ഥയിലാണ് ചിലർ. വേറെ ചിലർ ചില ആത്മീയ ചടങ്ങുകളിൽ തൃപ്തിയടയുന്നു. മററു ചിലർ ധർമ്മങ്ങളിലും തീർത്ഥാടനങ്ങളിലും തൃപ്തിപ്പെടുന്നു. നമ്മെ ജീവിപ്പിക്കുന്നതും അന്ത്യത്തോളം സഹായിക്കുന്നതും ആയി മറെറാന്നില്ല. നിങ്ങാം ദൈവ വചനത്തെ എങ്ങനെ കാണുന്നു ? ആത്മീയമായ ആഹാരത്തിനായി നിങ്ങാംക്കു വിശപ്പുണ്ടോ ? സംശുദ്ധമായ ജീവിതം കൊണ്ടു ദൈവത്തെ പ്രസാദിപ്പിക്കുക. ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും നിത്യജീവനു അവകാശികളായി തീരുക. അതായിരിക്കട്ടെ മുഖ്യ ലക്ഷ്യം.

★

# പ്രസംഗം തൊഴിലോ കഷ്ടാനുഭവമോ ?

**ജോണി. ആർ**

പ്രസംഗം എല്ലാ ദിക്കിലും എത്തിക്കേണ്ട ആവശ്യകത ഏറിയതാകയാൽ പലപ്പോഴും സഹോദരങ്ങൾ അതിന്റെ യഥാർത്ഥ വീര്യം നഷ്ടപ്പെടുത്തുന്നു എന്നു സംശയിക്കപ്പെടുന്നു. ഒരു സുവിശേഷകൻ തന്റെ ശുശ്രൂഷയുടെ പൂർണ്ണ തെളിവു പ്രകടിപ്പിക്കേണ്ടതാണല്ലോ. കർത്താവിന്റെ ദാസൻ തന്റെ ദൗത്യ നിർവ്വഹണത്തിൽ വെള്ളം ചേർക്കാൻ പാടില്ല (2 തിമൊഥെയൊസ് 4:1-5). നാം എല്ലാവരും മനസിലാക്കേണ്ടതു സുവിശേഷ പ്രസംഗം ഒരു പീഡാനുഭവമാണ്. അല്ലാതെ വെറുമൊരു തൊഴിൽ അല്ല. നാമധേയ വിഭാഗങ്ങൾ അവരുടെ ഉപദേഷ്ടാക്കന്മാരെ പാസ്റ്റർമാരായി നിയമിക്കയും സഹോദരന്മാരുമായി കാപ്പി കുടിക്കുന്നതിനും രാഷ്ട്രീയ, സാമൂഹ്യ കാര്യങ്ങളിൽ ബദ്ധ ശ്രദ്ധാലുക്കൾ ആകയും ചെയ്യുന്നു. അത്തരം ആശയങ്ങൾ ഒന്നും ബൈബിൾ നമ്മെ പഠിപ്പിക്കുന്നില്ല. എങ്കിലും ദശലക്ഷക്കണക്കിനു ആളുകൾ അങ്ങനെ വിശ്വസിക്കയും പ്രവർത്തിക്കയും ചെയ്യുന്നു.

കർത്താവിന്റെ സഭയിൽ പോലും ആയിരക്കണക്കിനു സഹോദരങ്ങൾ ഇത്തരം ഗൗരവമുള്ള കാര്യങ്ങളിൽ തെററായി നയിക്കപ്പെടുന്നുണ്ട്. നാം ലോകത്തെ സുവിശേഷീകരിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ നാം പുതിയ നിയമ ഉപദേശത്തിലേക്കു മടങ്ങി വരണം. സുവാർത്താ പ്രഖ്യാപനത്തിനു ആ മാതൃകയാണ് നാം എടുക്കേണ്ടതു. ബൈബിൾ വായിച്ച്, പഠിച്ച്, പ്രാർത്ഥിച്ച്, പ്രബോധിപ്പിക്കേണ്ടവർ, അതിനു പകരം സാമൂഹ്യവും ലൗകികവുമായ കാര്യങ്ങളിൽ ഊന്നൽ കൊടുക്കുമ്പോൾ ക്രിസ്തുവിന്റെ നാമത്തിനും ക്രിസ്ത്യാനിത്വത്തിനും ഭീഷണിയാകുന്നു

(1 തിമൊഥെയൊസ് 4:12-16). മുൻഗണനാ ക്രമം മാറി പോകുമ്പോൾ ഫലത്തിലും വ്യത്യാസം വരുമെന്നോർക്കണം.

പൂർവ്വകാല പ്രവാചകന്മാർക്കു തുല്യരാണ് ഇന്നത്തെ ഉപദേഷ്ടാക്കന്മാർ. അവരുടെ മുഖ്യ പ്രവൃത്തി ഏതെന്നു അവർ മനസിലാക്കിയിരിക്കണം. ദൈവത്തിന്റെ സന്ദേശം, നഷ്ടപ്പെട്ടു മരിച്ചുകൊണ്ടിരിക്കുന്ന ലോകത്തിലെ ആത്മാക്കൾക്കു ലഭിക്കണം. അതിനാണ് ദൈവം അവരെ നിയോഗിക്കുന്നതു (യിരെമ്യാവ് 20:9; 22:29). ഇതു പലരും കാര്യമായെടുത്തു കാണുന്നില്ല.

ദേശമേ, ദേശമേ, യഹോവയുടെ വചനം കേൾക്ക! ഈ ആളെ മക്കളില്ലാത്തവൻ എന്നും ആയുഷ്ക്കാലത്തു ഒരിക്കലും ശുഭം വരാത്തവൻ എന്നും എഴുതുവിൻ; ഇനി ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്നു യെഹൂദയിൽ വാഴുവാൻ അവന്റെ സന്തതിയിൽ യാതൊരുത്തന്നും ശുഭം വരികയില്ല എന്നു യഹോവ അരുളിച്ചെയ്യുന്നു. മനുഷ്യൻ എവിടെ കാണപ്പെടുന്നുവോ അവിടെ കർത്താധി കർത്താവും രാജാധി രാജാവുമായ ക്രിസ്തുവിന്റെ സുവിശേഷം ആവശ്യമാണ്. അതു സാദ്ധ്യമാക്കുവാൻ സുവിശേഷ പ്രചരണം കൂടിയേ തീരു.

വെള്ളം സമുദ്രത്തിൽ നിറഞ്ഞിരിക്കുന്നതുപോലെ കർത്താവിന്റെ സുവിശേഷം ഭൂമിയിൽ എല്ലാ ദിക്കിലും നിറയേണ്ടതുണ്ട്. സമയത്തിലും അസമയത്തിലും സുവിശേഷകന്മാർ അതിനു തയ്യാറാകണം. ഒരു ദൈവ ദാസൻ അഥവാ യഥാർത്ഥ ദൈവ പൈതലിനു പറയാതിരിക്കാൻ പററാത്ത ഒന്നാണ് സുവിശേഷീകരണം. സുവിശേഷം അറിയിക്കാതിരുന്നാൽ എനിക്ക് അയ്യോ കഷ്ടം എന്നാണ് അപ്പൊസ്തലനായിരുന്ന പൌലൊസ് പറഞ്ഞത് (1 കൊരിന്ത്യർ 9:16).

## ഒരുപദേഷ്ടാവ് ആരായിരിക്കരുത്

ഒരു ഔദ്യോഗിക വക്താവ് ആയിരിക്കരുത്. പഴയ നിയമ പ്രവാചകന്മാരായ ആമോസ്, യിരെമ്മ്യാവ്, ഹബക്കൂക്ക് എന്നിവരിൽ ഒന്നും ആകർഷണീയമായ പള്ളികളോ വില കൂടിയ വസ്ത്രങ്ങളോ ഉണ്ടായിരുന്നില്ല. അരമണിക്കൂറോ അല്ലെങ്കിൽ ഒരു മണിക്കൂറോ പ്രസംഗിച്ചു തീർന്നശേഷം തങ്ങളുടെ വേതനം കൈപ്പററി പോകുന്ന വെറും ഉദ്യോഗസ്ഥരായിരിക്കരുത് യഥാർത്ഥ ഉപദേഷ്ടാക്കന്മാർ. ആളുകൾ എന്തു വിചാരിക്കുമെന്നു കരുതിയാകരുത് അവർ സ്വർഗ്ഗീയ സന്ദേശം അറിയിക്കേണ്ടത്. ഒരു ഔദ്യോഗിക വക്താവായി മാത്രം അറിയപ്പെടുന്ന നാമധേയ ചിന്താഗതി കർത്താവിൻെറ സഭയിലെ ഉപദേഷ്ടാക്കൾക്ക് ഉണ്ടാകരുത്.

തത്തമ്മേ പൂച്ച പൂച്ച എന്നു പറയുന്ന തത്തപോലെ ആകരുത്. നീണ്ട കൊക്കുള്ള പക്ഷിയെ പോലെ ചികഞ്ഞു തിന്നുന്ന സ്വഭാവം ഉള്ളവനാകണം. അതായതു പൂർവ്വ പിതാക്കന്മാരുടെ വചനങ്ങളെ അങ്ങനെ തന്നെ കടമെടുക്കുന്നവർ ആകാതെ വചനത്തിലേക്കു ആഴമായി ഇറങ്ങിച്ചെന്നു അന്തരാർത്ഥം ജനങ്ങളുടെ ഹൃദയങ്ങളിൽ എത്തിക്കണം. എങ്കിലേ വ്യക്തിപരമായി പ്രസംഗത്തിൻെറ ശക്തി മററുള്ളവർക്കു അനുഭവിക്കാൻ പററൂ.

നാം മററു ഉപദേഷ്ടാക്കന്മാരുടെ രൂപരേഖകളും പഠന സഹായികളും സ്വീകരിക്കാറുണ്ട്. പക്ഷെ രണ്ടാമതു ഉപയോഗിക്കുന്ന ഒരു ശൈലി പിൻപററരുത്. നാം ബൈബിൾ പറയുന്നതായിരിക്കണം വിശ്വസിക്കേണ്ടതു. അല്ലാതെ മററു സുവിശേഷകരുടെ ആശയങ്ങളല്ല. അതിൻെറ അർത്ഥം നാം അതിനെ കുറിച്ച് ശരിയായ പഠനം നടത്തിയിരിക്കണം എന്നത്രെ. ക്രിയാത്മകമായ വിമർശനത്തെ അഭിമുഖീകരിക്കുന്നതിൽ പരാജയപ്പെടുന്നതാണ് ഉപദേഷ്ടാക്കൾക്കു സംഭവിക്കുന്ന കുഴപ്പം. നാം പറയുന്നതെ

ന്തും നമ്മുടെ അഭിപ്രായം പോലും അതേപടി എല്ലാവരും സ്വീകരിക്കണമെന്നു വാശി പിടിക്കരുത്. അതു തികച്ചും ബാലിശമാണ്. കാരണം നാം, ഉപദേഷ്ടാക്കന്മാരും മനുഷ്യരാണ്. നാം ആത്മാർത്ഥതയുള്ളവരാണെങ്കിൽ സത്യസന്ധമായ വിമർശനത്തെ നാം അംഗീകരിക്കും. നമുക്കും തെററു പററാമെന്നു തിരിച്ചറിയണം. നമ്മുടെ ഏക മഹാപുരോഹിതൻ മാത്രമെ പൂർണ്ണതയുള്ളവനായിട്ടുള്ളൂ.

അഗാധമായ ഉറപ്പ് നമ്മിലില്ലെങ്കിൽ നാം ഏറെ കാലം സുവാർത്താ സുവിശേഷകരായി നിലനില്ക്കുകയില്ല. നാം മധുരമായി സംസാരിക്കണമെന്നാണ് ഭൂരിഭാഗം പേരും ആഗ്രഹിക്കുന്നത്. നാം അങ്ങനെ ചെയ്യുമ്പോൾ അവർ നമ്മെ പുകഴ്ത്തും (യെശയ്യാവ് 30:10; 1 തെസ്സലൊനിക്യർ 2:5). ദുരുപദേഷ്ടാക്കൾ മാത്രമെ ജനസമൂഹത്തിൽ അറിയപ്പെടുകയുള്ളു എന്നു യേശു തന്നെ മുന്നറിയിച്ചിട്ടുണ്ട് (ലൂക്കൊസ് 6:26). നാം സത്യം മനസിലാക്കി അറിഞ്ഞു പ്രസംഗിക്കുമ്പോൾ ബലഹീനന്മാർക്കു അതു ഇടർച്ചയായി തോന്നും. നാം മനുഷ്യരെയല്ല ദൈവത്തെയാണ് പ്രസാദിപ്പിക്കേണ്ടതു എന്നോർക്കുക. കർത്താവിനോടു വിധേയത്വം പുലർത്തി സത്യം മാത്രം അറിയിക്കുന്ന ഒരാൾക്കു ജനങ്ങളുടെ കയ്യടിയോ ട്രോഫിയോ കിട്ടുകയില്ല. യോഹന്നാൻ സ്നാപകനോടും യിരെമ്മ്യാവിനോടും ചോദിച്ചാൽ അതു മനസിലാകും. വിശ്വസ്തരായ സുവിശേഷകർക്കു നീതിയുടെ കിരീടം പ്രതിഫലമായി കിട്ടും എന്നതു ഉറപ്പാണ് (ഗലാത്യർ 1:10; 4:16).

നാം ദൈവത്തിന്റെ അരുളപ്പാട് മാത്രം പ്രസ്താവിക്കുമ്പോൾ അതു കേൾക്കുന്നവർക്കു പ്രയോജനപ്പെടും (1 പത്രൊസ് 4:11). നിർമ്മല സത്യം തുറന്നു സംസാരിക്കുമ്പോൾ നാം ശക്തരായ സന്ദേശ വാഹകരായിരിക്കും.

# വിശ്വാസം തെളിയിക്കുന്നതു പ്രവർത്തി

ജോണി രാംസെ

വിശ്വാസികൾ എന്ന ലേബലിൽ അറിയപ്പെടുന്നവർ ധാരാളമുണ്ട്. വൈരുദ്ധ്യങ്ങൾ വെച്ചു പുലർത്തി ദൈവ വിശ്വാസികളായി അറിയപ്പെടുന്നവർ ഉണ്ട്. ദൈവത്തിലും പിശാചിലും വിശ്വസിക്കുന്നവർ ഉണ്ട്. ശരിയായ വിശ്വാസം എന്താണെന്നും അതെങ്ങനെ തിരിച്ചറിയാമെന്നും നാം അറിഞ്ഞിരിക്കണം. പരീക്ഷണാർത്ഥം തെളിയിക്കേണ്ട കാര്യങ്ങളിൽ ഒന്നാണ് വിശ്വാസവും. പുതിയ നിയമ പുസ്തകങ്ങളിലെ പരിവർത്തന ഭാഗങ്ങളും, ആരംഭ ക്രിസ്ത്യാനികളുടെ ജീവിതവും നാം പരിശോധിക്കേണ്ടതുണ്ട്. രക്ഷിക്കപ്പെട്ടവർ സത്യം മനസിലാക്കിയവരായിരുന്നതിനാൽ അവർ പരസ്യമായും വീടുകൾ തോറും വചനം ഉപദേശിച്ചുകൊണ്ടിരുന്നു (പ്രവൃത്തി 5:42). ക്രിസ്തുവിൻെറ അപ്രമേയ ധനമായിരുന്നു അവർ മററുള്ളവർക്കു വിളമ്പി കൊടുത്തത് (എഫെസ്യർ 3:8-11). ക്രിസ്തുവിൻെറ മഹത്തായ ആജ്ഞയുടെ പ്രാധാന്യം അവർ പൂർണ്ണ ഗൗരവത്തോടെ എടുത്തു (മത്തായി 28:18-20). അവർ സ്വീകരിച്ച രക്ഷാ സുവിശേഷം മററുള്ളവരേയും വീണ്ടെടുക്കുന്നതിനായി അവർ ഉപയോഗിച്ചു. അവരുടെ കാലയളവിൽ ലോകത്തിൽ എങ്ങും സുവിശേഷം എത്തിക്കാൻ കഴിഞ്ഞു.

ചുരുങ്ങിയ കാലം കൊണ്ട് ചുരുക്കം പേർക്കു ഈ വലിയ കാര്യം എങ്ങനെ സാദ്ധ്യമായി ? ദാരിദ്ര്യം, ഉപദ്രവം, യെഹൂദ മതത്തിൻെറ എതിർപ്പ്, തത്വചിന്തകന്മാരുടെയും റോമ ഭരണ കൂടത്തിൻേറയും ജാതികളുടേയും എതിർപ്പുകളെ അവർക്കു അതിജീവിക്കേണ്ട സാഹചര്യത്തിലായിരുന്നു അവരുടെ ആത്മിയ സേവനം അഥവാ ദൈ

വീക ശുശ്രൂഷ. സുവിശേഷത്തിനുള്ള വാതിൽ തുറന്നിരിക്കുന്നതും ഉപദ്രവം അവരുടെ വിശ്വാസത്തിന്റെ ഭാഗമായി അവർ തിരഞ്ഞെടുത്തു (1 കൊരിന്ത്യർ 16:9). കൈസരുടെ അരമനയിലുള്ള വിശുദ്ധന്മാരെ കുറിച്ചുപോലും പൌലൊസിന്നു എഴുതുവാൻ കഴിഞ്ഞു (ഫിലിപ്പിയർ 4:22). നീറോയുടെ ഉപദ്രവ കാലത്തു തടവിലാക്കപ്പെട്ടവർ അവിടെയും സത്യ വചനത്തെ അറിയിച്ചിരുന്നു. സുവിശേഷം അറിയിക്കുന്നതിനു അവർക്കു യാതൊന്നും തടസമായിരുന്നില്ല. അതായിരുന്നു ദൈവ വചനത്തിൽ അവർക്കുണ്ടായിരുന്ന വിശ്വാസം.

ഫേലിക്സിനോടും അഗ്രിപ്പാ രാജാവിനോടും സുവിശേഷം പ്രസംഗിക്കുവാൻ ധൈര്യം കാണിച്ച വീരനായകനായിരുന്നല്ലോ അപ്പൊസ്തലനായിരുന്ന പൌലൊസ് (പ്രവൃത്തി 24:25; 26:29). അതേ വചനം ഇന്നും പാപികൾക്കു കർത്താധി കർത്താവും രാജാധി രാജാവുമായ ക്രിസ്തുവിനെ അനുസരിപ്പാൻ പ്രേരക ശക്തി തന്നെ (വെളിപ്പാട് 17:14). കർത്താവിന്റെ സംരക്ഷണത്തിലും, അവന്റെ വീണ്ടെടുപ്പിൻ സ്നേഹത്തിലും, വിലമതിക്കാനാകാത്ത കൃപയിലും നമുക്കു സന്തോഷിക്കാൻ കഴിയണം. നമുക്കു മാത്രമല്ല, എല്ലാവർക്കും അതു ലഭ്യമാകണം. ആരുടേയും വിശ്വാസം മറച്ചു പിടിക്കേണ്ടതല്ല. ക്രിസ്തുവിലുള്ള ഒരാളുടെ വിശ്വാസം രഹസ്യമായി വെക്കേണ്ടതല്ല.

പുതിയ നിയമത്തിൽ അപ്പൊസ്തല പ്രവർത്തികൾക്കു ഒരു പ്രത്യേക സ്ഥാനം തന്നെയുണ്ട്. അതിനു പല കാരണങ്ങൾ കണ്ടെത്താൻ കഴിയും. പ്രവചന നിവർത്തീകരണവും തുടർന്നുണ്ടാകുന്ന ചരിത്ര സംഭവങ്ങളും ഇതിൽ നമുക്കു വായിക്കാം. മററു പുസ്തകങ്ങൾക്കുള്ള പശ്ചാത്തലം ഒരുക്കുന്ന പുതിയ നിയമത്തിലെ ചരിത്ര പുസ്തകം എന്നു അപ്പൊസ്തല പ്രവൃത്തികൾ എന്ന പുസ്തകത്തെ വിലയിരുത്താം. ഗലാത്യ ലേഖനം, അപ്പൊസ്തല പ്രവൃത്തികൾ 13, 14 എന്നീ അദ്ധ്യായങ്ങളിലേക്കു വിര

ൽ ചൂണ്ടുന്നു. പൌലൊസിൻേറയും ബർന്നബാസിൻേറയും പ്രഥമ സുവിശേഷ യാത്രയെയും പരാമർശിക്കുന്നുണ്ട്. 16-ാം അദ്ധ്യായത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഫിലിപ്പിയർക്കു ലേഖനം എഴുതുന്നതെങ്കിൽ 17-ാം അദ്ധ്യായം തെസലൊനിക്യരെ പരിചയപ്പെടുത്തുന്നു. അപ്പൊസ്തല പ്രവൃത്തി 18-ാം അദ്ധ്യായത്തിൽ വിവരിക്കുന്നതുപോലെ ക്രിസ്ത്യാനിത്വത്തിൻെറ ശോഭയുള്ള പ്രാരംഭം തെളിയിക്കുന്നതാണ് ഒന്നും രണ്ടും കൊരിന്ത്യർക്ക് എഴുതിയ ലേഖനങ്ങൾ. പ്രവൃത്തി 19, 20 എന്നീ അദ്ധ്യായങ്ങളിലെ വസ്തുതകൾ ഊന്നിയാണ് എഫെസ്യർക്കു ലേഖനമെഴുതുന്നത്.

പുതിയ നിയമത്തെ മുഖ്യമായി നാലായി തരം തിരിക്കുകയാണെങ്കിൽ വളരെ പ്രയോജനപ്പെടും. മത്തായി എഴുതിയ സുവിശേഷം മുതൽ യോഹന്നാൻ എഴുതിയ സുവിശേഷം വരെ യേശുക്രിസ്തുവിൽ നിന്നു പഠിക്കേണ്ടതായ ഉപദേശങ്ങളും അനുസരിക്കേണ്ട കല്പനകളും അടങ്ങുന്നു. രണ്ടാമതായി, എങ്ങനെ ക്രിസ്ത്യാനിയായി തീരാമെന്നു അപ്പൊസ്തല പ്രവർത്തികളുടെ പുസ്തകം വ്യക്തമാക്കുന്നു. മൂന്നാമതായി, റോമർ ലേഖനം മുതൽ യൂദയുടെ ലേഖനം വരെ വായിച്ചാൽ ക്രിസ്തീയ ജീവിതം നയിക്കേണ്ടതെങ്ങനെ എന്നു പഠിപ്പിക്കുന്നതു മനസിലാകും. നാലാമതായി വെളിപ്പാട് പുസ്തകമാണ്. ക്രിസ്തീയ ജീവിതത്തിൽ അടങ്ങിയിരിക്കുന്ന മഹത്തായ പ്രത്യാശയെ ബോധ്യപ്പെടുത്തിയിരിക്കുന്ന ദൈവിക അരുളപ്പാടാണത്.

പരിവർത്തനങ്ങളുടെ വിവരണങ്ങൾ നല്കുന്ന ഈ പുസ്തകത്തിൽ ദൈവത്തിൻെറ രക്ഷാപദ്ധതിയും അടങ്ങിയിട്ടുണ്ട്. അതു യേശു തൻെറ ശിഷ്യന്മാരെ മുൻപു പഠിപ്പിച്ചതും അവർ അതു എല്ലാവരോടും പ്രഖ്യാപിച്ചിട്ടുള്ളതും ആകുന്നു. അതിൻെറ പ്രസക്തി കർത്താവിൻെറ വീണ്ടും വരവുവരെയാണ്. തിരിച്ചറിവുള്ള, സു

വിശേഷയുഗത്തിൽ ജീവിക്കുന്ന എല്ലാവരും ദൈവിക പദ്ധതി അനുസരിക്കേണ്ടതാണ്.

1 ക്രിസ്തുവിൻെറ മഹത്വകരമായ സുവിശേഷ സന്ദേശത്തിൽ വിശ്വസിക്കണം. ഇല്ലെങ്കിൽ ആളുകൾ അവരുടെ പാപങ്ങളിൽ മരിക്കും (യോഹന്നാൻ 8:24; പ്രവൃത്തി 16:31; മർക്കൊസ് 16:16).

2 ഒന്നുകിൽ മനസാന്തരപ്പെടുക അല്ലെങ്കിൽ നശിക്കുക (ലൂക്കൊസ് 13:35; പ്രവൃത്തി 8:12; 8:26-39; 22:16; ഗലാത്യർ 3:27).

3 യേശുക്രിസ്തുവിലുള്ള വിശ്വാസം ഏററു പറഞ്ഞു പാപമോചനത്തിനായി സ്നാനം ഏല്ക്കുക (പ്രവൃത്തി 8:12; 8:29-39; 22:16; ഗലാത്യർ 3:27).

4 രക്ഷകനോടുള്ള വിധേയത്വവും വിശ്വസ്തതയും അന്ത്യത്തോളം സൂക്ഷിക്കുക (വെളിപ്പാട് 2:10; ഗലാത്യർ 6:9; 2 പത്രൊസ് 3:17, 18).

കർത്താവു പണിതതായ അവൻെറ സഭയുടെ സ്ഥാപനം വളരെ ശക്തമായി സൂചിപ്പിക്കുന്ന പുസ്തകമാണ് അപ്പൊസ്തല പ്രവർത്തികൾ. ആ സഭയോടു അവൻ രക്ഷിക്കപ്പെടുന്നവരെ ചേർക്കുന്നതായും പറയുന്നുണ്ട് (മത്തായി 16:18; പ്രവൃത്തി 2:47). രക്തത്താൽ സമ്പാദിച്ചതായ സഭയുടെ മനോഹാരിതയും ആവശ്യകതയും ഈ ഭാഗങ്ങളിൽ തറപ്പിച്ചു പ്രതിപാദിച്ചിട്ടുണ്ട് (പ്രവൃത്തി 20:28). സഭയിലാണു ക്രിസ്തുവിനു മഹത്വം കരേററുന്നത് (എഫെസ്യർ 3:20).

ഒരാൾ തൻെറ വിശ്വാസം അനുസരണത്തിലൂടെയാണ് തെളിയിക്കുന്നതു. സ്നേഹവും അങ്ങനെ തന്നെ. പ്രവർത്തിയില്ലാത്ത വിശ്വാസം നിർജീവമാണ്. വിശ്വാസം പൂർണ്ണമാകുന്നതു ക്രിയയിലൂടെയാണ്.

★

**YOUR ATTENTION PLEASE !**

# Radio Srilanka Broadcasts

| | |
|---|---|
| NGLISH - | The Voice of Truth - Speakers: **Reggi Gnanasundaram** and **J.C. Choate** Fridays: 7.45 to 8.00 p.m.<br>All Correspondence should be sent to The Voice of Truth<br>Post Box. 3815 New Delhi-110 049 |
| INDI - | Sathya Susamachar. Speaker - **Sunny David**<br>All Correspondence should be sent to<br>Sathya Susamachar,<br>Post Box. 3815 New Delhi- 110 049<br>Sundays: 8.45 to 9.00 p.m<br>Thursdays: 9.00 to 9.15 p.m. |
| ANNADA - | The Voice of Truth. Speaker - **Robert Rathnakar**<br>Box. 448, Bangalore - 560 004<br>Sundays: 1.45 to 2.00 pm. |
| IALAYALAM - | The Voice of Truth. Speaker - **P.K. Varghese**<br>All Correspondence should be sent to Church of Christ,<br>Post Box. 5540<br>Trivandrum 695 034, Kerala, India |
| AMIL - | The Way of Truth. Speaker- **P.R.Swamy**<br>All Correspondence should be sent to The way of Truth,<br>Post Box 8405<br>Bangalore - 560 084 |
| ELUGU - | The Voice of Truth. Speaker- **Joshua Gootam**<br>All Correspondence should be sent to<br>The Voice of Truth, Post Box. 80, Kakinada 533 001<br>Sundays: 2.00 to 2.15 p.m.<br>Mondays: 2.00 to 2.15 p.m.<br>Tuesdays: 2.00 to 2.15 p.m.<br>Wednesdays: 2.00 to 2.15 p.m |

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian literatures are available in these ifferent languages from the addresses listed. Also Radio sermons are available in ook form.

---

Edited, Printed and Published by P.K. Varghese Church of Christ Trivandrum.
rinted at Joshah Printers, Trivandrum.

Reg:No.K.Dis 90095/86/ A8, Regd. No.KL/TV (N)22/ 2

JOIN US FOR WORSHIP
THE CHURCH OF CHRIST MEETS

To Worship

at Y M C A
SUNDAY at 10 A.M

For Bible Study

T.C.27/218, Thampuranmukku
Trivandrum-7
ALL ARE WELCOME

All correspondence should be sent to the Editor
Bible Truth, Church of Christ, Trivandrum - 34, Kerala, South I

From

**THE BIBLE TRUTH**
**Church of Christ**
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378

To